നം. ഇ3/ഹോസ്റ്റൽ അഡ്മിഷൻ /2025 സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ, തൃശ്ശൂർ ,

തീയതി : 10.07.2025

# നോട്ടീസ്

വിഷയം: സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ,തൃശ്ശൂർ – 2025-26 പാഠ്യവർഷത്തിൽ ബി ടെക്/B.ARCH (S3) വിഭാഗത്തിൽ മെൻസ് /ലേഡീസ് ഹോസ്റ്റൽ പ്രവേശനം നടത്തുന്നതിനുവേണ്ടി ലഭ്യമായ അപേക്ഷകൾ പ്രകാരം ഒഴിവുള്ള സീറ്റുകളിലേക്ക് അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

സൂചന: വിദ്യാർത്ഥികളുടെ അപേക്ഷ

..........................................................

മേൽ സൂചനപ്രകാരം ലഭിച്ച അപേക്ഷകൾ അനുസരിച്ച് ഹോസ്റ്റൽ പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് അർഹതയുള്ളവരുടെ ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഹോസ്റ്റൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് 15.07.2025,16.07.2025 തിയതി൯ൽ പ്രവേശനം നടക്കുന്നതാണ്.ഹോസ്റ്റൽ പ്രവേശനസമയത്ത് വിദ്യാർത്ഥികൾ രക്ഷാകർത്താക്കൾ സഹിതം താഴെ പറയുന്ന രേഖകൾ ഹാജരാക്കി,

അഡ്മിഷനായി ആവശ്യമായി വരുന്ന ഫീസ് ക്യാഷ് ആയി തന്നെ ഫീസ് വിഭാഗത്തിൽഒടുക്കിയതിനു ശേഷം (ഓൺലൈൻ ആയി അടക്കുന്ന ഫീസുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല ) കൃത്യ തീയതിക്ക് തന്നെ പ്രവേശനം നേടേണ്ടതാണ്. പ്രസ്തുത തിയതിയിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികൾ ഹോസ്റ്റൽ പ്രവേശനം ആഗ്രഹിക്കുന്നില്ല എന്ന് കണക്കാക്കി ആ ഒഴിവുകൾ മറ്റു വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതായിരിക്കും. ഹോസ്റ്റൽ പ്രവേശന സമയത്ത് ഹാജരാക്കുന്ന രേഖകളിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തുന്ന പക്ഷം പ്രസ്തുത പ്രവേശനം റദ്ദ് ചെയ്യുന്നതാണ്.

ഓൺലൈൻ ആയി ഹോസ്റ്റൽ അപേക്ഷ സമർപ്പിച്ചതിന്റെ കോപ്പി ( അതാത് ടൂട്ടർ / എച് ഒ ഡി എന്നിവർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ) നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. ഹോസ്റ്റൽ അപേക്ഷയുടെ പകർപ്പിൽ രേഖപ്പെടുത്തിയിരിക്കുന്ന SGPA മാറ്റമുള്ള വിദ്യാർത്ഥികൾ (നിർദിഷ്ട സമയത്തിനുളിൽ ആയതു ഹോസ്റ്റൽ ഓഫിസിൽ റിപ്പോർട് ചെയ്ത വിദ്യാർത്ഥികൾ മാത്രം ) SGPA തിരുത്തിയതിന് സമീപം അതാത് ടൂട്ടർ / എച് ഒ ഡി എന്നിവർ അറ്റസ്റ്റ് ചെയ്യേണ്ടതാണ് . അല്ലാതെ വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും അപേക്ഷകൾ പരിഗണിക്കുന്നതല്ല

മുൻപ് ഹോസ്റ്റലിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ അവരുടെ മുമ്പത്തെ ഹോസ്റ്റൽ അഡ്മിഷൻ നമ്പർ , റൂം നമ്പർ എന്നിവ നിർബന്ധമായും അഡ്മിഷൻ സമയത്തു ഹോസ്റ്റൽ ഓഫീസിൽ നൽകേണ്ടതാണ്.

ലേഡീസ് ഹോസ്റ്റലിലേക്കുള്ള പ്രവേശന തീയതി : 15.07.2024 രാവിലെ 10.00 മണി മുതൽ 02.00 മണിവരെ.

മെൻസ് ഹോസ്റ്റലിലേക്കുള്ള പ്രവേശന തീയതി : 16.07.2024 രാവിലെ 10.00 മണി മുതൽ 02.00 മണിവരെ.

# <u>ഹാജരാക്കേണ്ട രേഖകൾ</u>

1. ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചതിന്റെ കോപ്പി ( അതാത് ടൂട്ടർ / എച് ഒ ഡി സാക്ഷ്യപ്പെടുത്തിയ പകർപ്പ് )
2. കോളേജ് ഐ ഡി കാർഡ് /ആധാർ കാർഡ് കോപ്പി
3. ഫോട്ടോ 2 എണ്ണം (പാസ്പോർട്ട് സൈസ് -1, സ്റ്റാമ്പ് സൈസ് – 1)
4. സാധുവായ വരുമാന സർട്ടിഫിക്കറ്റ്
5. BPL വിഭാഗത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഒറിജിനൽ റേഷൻകാർഡോ തത്തുല്യ സർട്ടിഫിക്കറ്റോ , കൂടാതെ ആയതിന്റെ കോപ്പി
6. SC/ST/PH/OECവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്ന രേഖകൾ.
7. അഡ്മിഷൻ ഫീസ് (ക്യാഷ് ആയി തന്നെ കൊണ്ടുവരേണ്ടതാണ് )

## <u>ഫീസ് വിവരങ്ങൾ (മുമ്പ് ഹോസ്റ്റൽ അഡ്മിഷൻ എടുത്തിട്ടുള്ള വിദ്യാർഥികൾ അടക്കേണ്ട ഫീസ് വിവരങ്ങൾ )</u>

| Fees details | General | Reservation (SC, ST, OEC) |
|---|---|---|
| Rent Advance | 620 | ---- |
| MISC | 25 | 25 |
| Admission Fee | 600 | 600 |
| Total | 1245 /- | 625/- |

## <u>ആദ്യമായി ഹോസ്റ്റൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർഥികൾ അടക്കേണ്ട ഫീസ് വിവരങ്ങൾ</u>

| Fees details | General | Reservation (SC, ST, OEC) |
|---|---|---|
| Caution Deposit | 6000 | 1000 |
| Rent Advance | 620 | ---- |
| HDF | 1500 | 1500 |
| MISC | 25 | 25 |
| Admission Fee | 600 | 600 |
| Total | 8745/- | 3125/- |

S/d

**വാർഡൻ**

**പകർപ്പ്**

1. നോട്ടീസ് ബോർഡ്
2. വെബ്സൈറ്റ്
3. വെബ് അഡ്മിൻ
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്